(3) 498 (എ) സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്മേലുള്ള നിർദ്ദേശങ്ങൾ.

(4) സ്ത്രീധന നിരോധന നിയമം സംബന്ധിച്ച ഭേദഗതി നിർദ്ദേശങ്ങൾ. അതുകൂടാതെ, കഴിഞ്ഞ 5 വർഷത്തിനിടെ വനിതാ കമ്മീഷൻ ചുവടെ ചേർക്കുന്ന വിഷയങ്ങളിൽ ഗവേഷണ പഠനം നടത്തി സർക്കാരിലേയ്ക്ക് ശിപാർശകൾ നൽകിയിട്ടുണ്ട്.

(i) കേരളത്തിലെ കുറഞ്ഞുവരുന്ന ആൺ-പെൺ ശിശു അനുപാതം.

(ii) കേരളത്തിലെ സ്ത്രീ സംരംഭകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ.

(iii) ഏകസ്ഥരായ സ്ത്രീകളുടെ പ്രശ്നങ്ങൾ.

(iv) ജയിൽശിക്ഷ അനുഭവിച്ച സ്ത്രീകളുടെ പ്രശ്നങ്ങൾ.

(v) നൈറ്റ് ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന വനിതാ ജീവനക്കാരുടെ പ്രശ്നങ്ങൾ.

(vi) മാദ്ധ്യമങ്ങളിലെ സ്ത്രീ-സങ്കല്പം:- ടി വി സീരിയലുകളും പരസ്യങ്ങളും കൗമാരപ്രായക്കാരിൽ ചെലുത്തുന്ന സ്വാധീനം.

(vii) കുട്ടികളിലെ മയക്കുമരുന്ന് ദുരുപയോഗം കേരള വനിതാ കമ്മീഷന്റെ മേൽ നിർദേശങ്ങൾ സർക്കാർ പരിഗണനയിലാണ്.

**സംസ്ഥാന വനിതാ കമ്മീഷന്റെ അധികാരവും പ്രവർത്തനങ്ങളും**

259 (1625) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ നിയമം പ്രകാരം വനിതാ കമ്മീഷന് കേസ്സ് എടുക്കാനുള്ള അധികാരമുണ്ടോ; വനിതാ കമ്മീഷനുമുൻപിൽവരുന്ന പരാതികൾ തീർപ്പാക്കാനുള്ള അധികാരം വനിതാ കമ്മീഷൻ അംഗങ്ങൾക്ക് ലഭ്യമാണോയെന്നറിയിക്കുമോ?

കേരള വനിതാ കമ്മീഷൻ ആക്റ്റ്, 1990, വകുപ്പ് 15-ൽ കമ്മീഷന്റെ അധികാരങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിൽ കമ്മീഷന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകിയിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഇപ്രകാരം കമ്മീഷനിൽ ലഭിക്കുന്ന പരാതികളും കമ്മീഷൻ സ്വയം എടുക്കുന്ന (Suo-Moto) പരാതികളും രജിസ്റ്റർ ചെയ്ത് കമ്മീഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെയർപേഴ്സനും മറ്റംഗങ്ങളും ഉൾപ്പെടുന്ന കേരള വനിതാ കമ്മീഷൻ മേൽ പറഞ്ഞ വകുപ്പ് പ്രകാരം ഒരു അർദ്ധ ജുഡീഷ്യൽ അധികാരമുള്ള ഒരു കമ്മീഷൻ ആണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷൻ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ എത്ര സിറ്റിംഗുകളാണ് നടത്തിയിരിക്കുന്നതെന്നും ഇതിന് ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

കേരള വനിതാ കമ്മീഷൻ 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ നടത്തിയ സിറ്റിംഗുകളുടെ എണ്ണവും ആയവയ്ക്ക് ഓരോ വർഷവും ചെലവായ തുക സംബന്ധിച്ചുള്ള വിവരങ്ങളും അനുബന്ധമായി* ചേർത്തിരിക്കുന്നു.

**സംസ്ഥാന വനിതാ കമ്മീഷൻ മെമ്പർമാരുടെ വിദ്യാഭ്യാസ യോഗ്യത**

260 (1626) <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017, 2018, 2019, 2020 വർഷങ്ങളിൽ സംസ്ഥാന വനിതാ കമ്മീഷൻ സർക്കാരിൽ സമർപ്പിച്ച വാർഷിക റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കേരള വനിതാ കമ്മീഷന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അനുബന്ധമായി* ചേർത്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് ഗവൺമെന്റ് പ്രസ്സിൽ പ്രിന്റിംഗിനായി നൽകിയിരിക്കുകയാണ്. 2019-20 വർഷത്തെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) സംസ്ഥാന വനിതാ കമ്മീഷന്റെ നിലവിലെ മെമ്പർമാരുടെ വിദ്യാഭ്യാസ യോഗ്യത വെളിപ്പെടുത്താമോ?

Kerala Women's Commission Act, 1990 സെക്ഷൻ 5 പ്രകാരം, സർക്കാർ നാമനിർദേശം ചെയ്ത് നിയമിക്കുന്ന കേരള വനിതാ കമ്മീഷൻ ചെയർപേഴ്സണും മറ്റംഗങ്ങൾക്കും അവരെ പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly